# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 4475 27/06/2013 ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>" കെ. ശിവദാസൻ നായർ<br>" എം. പി. വിൻസെന്റ്<br>" അൻവർ സാദത്ത് | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഉന്നതനിലവാരത്തിലേയ്ക്ക് എത്തിക്കുവാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (എ) & (ബി) പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് ഒരു ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിംഗ് കർമ്മ പരിപാടി നടപ്പാക്കിയിട്ടുണ്ട്. ഇതിൽ പൊതുമരാമത്ത് വകുപ്പിനെ സാങ്കേതികവും ഭരണപരവും സാമ്പത്തി കവുമായി ശക്തിപ്പെടുത്തുന്നതിന് താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടു.<br><br>1. പൊതുമരാമത്ത് വകുപ്പിന്റെ ദൈനംദിന പ്രവർത്തനത്തിന് മാർഗ്ഗദർശനം നൽകാൻ പൊതുമരാമത്ത് മാന്വലും, ദർഘാസ് പ്രമാണങ്ങളും പരിഷ്കരിച്ചു.<br><br>2. പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർ വത്കരണം നടത്തുകയും അതിന്മേൽ ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തു.<br><br>3. എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതു മുതൽ വർക്കുകളുടെ പേയ് മെന്റ് നടത്തുന്നതുവരെയുള്ള പ്രവർത്തികൾക്ക് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ ഉണ്ടാക്കിവരുന്നു.<br><br>4. കെ.എസ്.ടി.പി പദ്ധതിയിൽ അന്താരാഷ്ട്ര നിലവാരത്തിലാണ് റോഡ് നിർമ്മാണം നടത്തുന്നത്. വിദഗ്ധ എഞ്ചിനീയർമാരെക്കൊണ്ട് നിലവിലുള്ള റോഡിന്റെ പോരായ്മകൾ ശാസ്ത്രീയമായി തിട്ടപ്പെടുത്തി രൂപകൽപന ചെയ്തുമാണ് എസ്റ്റിമേറ്റ് എടുക്കുന്നത്. IRC Specification ഉം MORTH ഡാറ്റയും പ്രകാരമാണ് വർക്കുകൾ ചെയ്യുന്നത്. NRMB (Natural Rubber Modified Bitumin) ഉപയോഗിച്ചുള്ള ബിറ്റുമെൻ വർക്കുകളാണ് കെ.എസ്.ടി.പി ചെയ്യുന്നത്. |

| | | |
|---|---|---|
| (സി) | എന്തെല്ലാം സഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത് ; | (സി) ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന KSTP പദ്ധതിയുടെ ഭാഗമായി വകുപ്പിനെ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസ് 2011, 2012 എന്നിവയിൽ ആഗോള നിലവാരത്തിലുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള ആശയങ്ങൾ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. അതിന്റെ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനൊപ്പം KSTP യുടെ രണ്ടാംഘട്ട പദ്ധതി ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്. കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽ ചെയ്യുന്ന റോഡുകളുടെ നിർമ്മാണ പ്രവർത്തികളിൽ വിദേശ രാജ്യങ്ങളിൽ നടപ്പാക്കി വരുന്ന സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) ഇ-ടെൻഡറിംഗ്, ഇ-പേയ് മെന്റ് എന്നിവ നടപ്പാക്കിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിന്റെ സമൂല പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളും സാധന സാമഗ്രികളും ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പാക്കുന്നതിന് വകുപ്പിനെ സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ